# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഇകെഎം)ബി പി/331/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 19/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
2. എ ഡി സി (ജനറൽ), എറണാകുളം
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ(ഇകെഎം)ബി പി/331/23 തീയ്യതി: 19/04/2023

## എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനിമോൾ.കെ.ജി | ജോയിന്റ് ഡയറക്ടർ | 10-03-2023 | 16-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-03-2023 | 16-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീമതി ടെസി എം., ഓഡിറ്റ് ഓഫീസർ
2) ശ്രീ. സന്തോഷ് കുമാർ കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) ശ്രീ. പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4) ശ്രീമതി വൃന്ദ സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ത്രീസ മാനുവൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ജി.രാജ്കുമാർ | സെക്രട്ടറി | 01-04-2021 | 07-05-2021 |
| സന്തോഷ്.എ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-05-2021 | 11-05-2021 |
| ശ്രീകല.ഒ | സെക്രട്ടറി | 12-05-2021 | 30-11-2021 |
| സന്തോഷ്.എ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-12-2021 | 18-12-2021 |
| ഗൗതമൻ ടി. സത്യപാൽ | സെക്രട്ടറി | 19-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മഞ്ജുബാല.കെ.ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സുനിത.പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.സെലിൻ ടെൻസി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മാലിപ്പുറം | 01-04-2021 | 31-03-2022 |
| ഡോ.മനോജ് അഗസ്റ്റിൻ.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിഴല | 01-04-2021 | 31-03-2022 |
| ഡോ.ജിനു ആനി ജോസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേരാനെല്ലൂർ | 01-04-2021 | 31-03-2022 |
| സുധാകുമാരി.ജെ.എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കളമശ്ശേരി | 01-04-2021 | 31-03-2022 |
| ബിന്ദുമോൾ.പി.എസ് | സി.ഡി.പി.ഓ, ഇടപ്പള്ളി | 01-04-2021 | 31-03-2022 |
| സിനി.എ | സി.ഡി.പി.ഓ (അഡീഷണൽ), കളമശ്ശേരി | 01-04-2021 | 31-03-2022 |
| ജെയിംസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ദീപ.കെ.കെ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| അഞ്ജു കുര്യൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 08-06-2021 |
| ഷൈമ.ജെ | ഡയറി എക്സ്റ്റൻഷൻ | 09-06-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | കെട്ടിടങ്ങളിൽ നിന്നു വാടക ഈടാക്കുന്നതിൽ അപാകതകൾ | 1-10 |
| 12 | എഫ്.എച്ച്.സി ചേരാനെല്ലൂർ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-11 |
| 13 | സി.എച്ച്.സി , മാലിപ്പുറം- ഫയൽ ഹാജരാക്കിയില്ല - | 1-12 |
| 14 | സി.എച്ച്.സി , മാലിപ്പുറം - ലാപ്ടോപ് ലഭ്യമായില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-13 |
| 15 | സി.എച്ച്.സി, മാലിപ്പുറം - എച്ച്.എം.സി ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ ബില്ലുകൾ ഹാജരാക്കിയില്ല | 1-14 |
| 16 | സി.എച്ച്.സി, മാലിപ്പുറം - പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചെങ്കിലും മരുന്നുകൾ ലഭ്യമായില്ല | 1-15 |
| 17 | പിഴല പി.എച്ച്.സി- പബ്ലിക് ടോയ് ലെറ്റ് ഇൻസിനറേറ്റർ, എം.സി.എഫ് എന്നിവ സ്ഥാപിക്കൽ - ഫയൽ ഹാജരാക്കിയില്ല | 1-16 |
| 18 | പി.എച്ച്.സി , പിഴല - മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-17 |
| 19 | പി.എച്ച്.സി, പിഴല-ദൈനംദിന ചെലവുകൾ-ബില്ലുകൾ ഹാജരാക്കിയില്ല | 1-18 |
| 20 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങി | 1-19 |
| 21 | പിഴല പി.എച്ച്.സി.ക്ക് ജനറേറ്റർ വാങ്ങൽ - ബിൽ ഹാജരാക്കിയില്ല | 1-20 |
| 22 | മാർഗ്ഗരേഖയിലുൾപ്പെടാത്ത പദ്ധതി നടപ്പാക്കി - 49995/- രൂപ തടസ്സപ്പെടുത്തുന്നു. | 1-21 |
| 23 | വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല - 3375760/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 24 | എസ്.സി. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സോളാർ പ്ലാന്റ് - കെ.എസ്.ഇ.ബി.യിൽ നിന്നും ഇൻസന്റീവ് ലഭിച്ചിട്ടില്ല | 1-23 |

| | | |
|---|---|---|
| 25 | ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് സബ്സിഡി - യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല | 1-24 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 52,54,968/-രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 27 | സി.ഡി.പി.ഒ ഇടപ്പള്ളി ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-പണമടവാക്കിയിട്ടും സാധനങ്ങൾ ലഭ്യമായില്ല | 1-26 |
| 28 | ഓഡിറ്റ് ഇംപാക്റ്റ് | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

19.02.2021 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24.02.2022 തീയതിയിലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2021-2022 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 82,20,678 | 6,15,69,891 | 6,97,90,569 | 5,89,90,569 | 1,08,00,000 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2021-2022 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-22 | 11-7-22 | -- | |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.
1. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)]

3. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അക്കൗണ്ട്സ് പ്രകാരം കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ എന്ന ഇനത്തിൽ മാത്രമേ നീക്കിയിരിപ്പുള്ളൂ. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയ ഇനങ്ങളിൽ തിരികെ നൽകാൻ ബാക്കിയുള്ളവ ഇല്ലെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 43,64,664 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 5,38,30,977 |
| ആകെ | | 5,81,95,641 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 5,21,96,633 |
| നീക്കിയിരിപ്പ് | | 59,99,008 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,08,82,443 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ( | 0 | 1,66,62,615 | 1,66,62,615 | 1,57,59,000 | 9,03,615 | 0 |
| വികസനഫണ്ട്- എസ്.സി.പി. | 0 | 85,40,372 | 85,40,372 | 84,49,243 | 91,129 | 0 |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 54,070 | 54,070 | 49,000 | 5,070 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 0 | 50,01,390 | 50,01,390 | 49,21,457 | 79,933 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-ട്രഷറി | 0 | 28,19,749 | 28,19,749 | 25,92,927 | 2,26,822 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-Bank | 0 | 44,02,000 | 44,02,000 | 34,17,158 | 0 | 9,84,842 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic- Bank | 0 | 29,79,055 | 29,79,055 | 26,63,269* | 0 | 3,15,786 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic-ട്രഷറി | | 13,35,076 | 13,35,076 | 12,62,666 | 72,410 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- 320100113-Indira Avas Yojana-IAY | 1,84,998 | 4,07,998 | 5,92,996 | 0 | 0 | 5,92,996 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- 320100115-Total Sanitation Campaign-TSC | 13,39,305 | 39,734 | 13,79,039 | 0 | 0 | 13,79,039 |
| 320200304-state Sponsored Schemes | 4,30,354 | 80,790 | 5,11,144 | 16,389 | 0 | 4,94,755 |
| 320800199-Grant For Specific Purposes-capital | 7,89,737 | 0 | 7,89,737 | 0 | | 7,89,737 |
| 320100199Centrally SponsoredScheme | 393 | 12 | 405 | 0 | | 405 |
| 320200301-State SponsoredGrant | 17,667 | 0 | 17,667 | 0 | | 17,667 |
| 320200323-Grant For Keralolsavam | 60,000 | 0 | 60,000 | 0 | | 60,000 |

* 18/- രൂപ ബാങ്ക് ചാർജിനത്തിലുള്ള ചെലവ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 112 | 6,05,35,214 | 91 | 4,07,22,166 | 6 | 15 | 81.25% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2023 തീയതിയിൽ ഉച്ചയ്ക്ക് 3.00 P.M ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5618/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.
1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2.സമയബന്ധിതമായി പദ്ധതികളുടെ നിർവ്വഹണം നടക്കാത്തതിനാൽ പദ്ധതിവിഹിതം പാഴാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.
3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല

പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ് സമിതിയും വിലയിരുത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.22 മുതൽ 29.12.22 വരെ | 2021-22 | 02.03.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.12.2022 മുതൽ 10.12.2022 വരെ | 01.04.2017 മുതൽ 30.11.2022 വരെ | 08.02.2023 |

## 1-10 കെട്ടിടങ്ങളിൽ നിന്നു വാടക ഈടാക്കുന്നതിൽ അപാകതകൾ

1] കാന്റീൻ വാടക- ജി.എസ്.ടി ഈടാക്കിയില്ല -ബൈലോ തയ്യാറാക്കിയില്ല

2021-22 സാമ്പത്തികവർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാന്റീനിൽ നിന്നും (തനിമ ജനകീയ ഹോട്ടൽ) താഴെപ്പറയുന്ന രസീതുകൾ പ്രകാരം വാടക ഈടാക്കിയിട്ടുണ്ട്.

| ക്രമ നം | രസീത് നം/തിയതി | തുക | കാലയളവ് |
|---|---|---|---|
| 1 | 121080100001/20.07.2021 | 2250 | 2021 ഫെബ്രുവരി - ഏപ്രിൽ |
| 2 | 121020100003/30.10.2021 | 2250 | 2021 ജൂലൈ - സെപ്റ്റംബർ |
| 3 | 121020100020/24.02.2022 | 2250 | 2021 ഒക്ടോബർ - ഡിസംബർ |
| | ആകെ | 6750 | 2021 മെയ്- ജൂൺ (കോവിഡ് ഇളവ്) |

2017 ലെ ജി.എസ്.ടി ആക്റ്റ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകക്ക് നൽകുന്ന കെട്ടിടങ്ങളിൽ നിന്ന് വാടകയുടെ 18% തുക ജി.എസ്.ടി ആയി ഈടാക്കേണ്ടതും സർക്കാരിലേയ്ക്ക് യഥാസമയം അടവാക്കേണ്ടതുമാണ്. എന്നാൽ മേൽ പറഞ്ഞ പ്രകാരം കാന്റീൻ വാടകയോടൊപ്പം 18% ജി.എസ്.ടി ഈടാക്കിയിട്ടില്ല.

01.02.2021 ൽ ടി തനിമ ജനകീയ ഹോട്ടലുമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഏർപ്പെട്ട കരാറിൽ പ്രതിമാസം 750 രൂപ വാടക എന്നു മാത്രമാണ് കാണിച്ചിരിക്കുന്നത്. എന്നാൽ 3 മാസം കൂടുമ്പോഴാണ് വാടക തുക അടവാക്കിയിരിക്കുന്നതായി (3 X 750 = 2250) കാണുന്നത്. കരാറിൽ വാടക തുക അടവാക്കേണ്ട തീയതി, വാടക കാലയളവ്, യഥാസമയം തുക ഒടുക്കാതിരുന്നാലുള്ള പിഴ, ജി.എസ്.റ്റി. എന്നിവയെ സംബന്ധിച്ച് യാതൊരു പരാമർശവും ഉൾപ്പെടുത്തിയിട്ടില്ല. കരാർ പ്രകാരം കാന്റീനിന്റെ കറന്റ് ചാർജ്, വെള്ളക്കരം എന്നിവ യഥാസമയം കരാറുകാർ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി തുകകൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു തന്നെയാണ് അടവാക്കി കാണുന്നത്. പ്രതിമാസം വാടക ഈടാക്കാഞ്ഞതിനും വൈകി അടവാക്കുന്ന വാടകയിന്മേൽ 1% പിഴ, വാടകയോടൊപ്പം 18% ജി.എസ്.ടി എന്നിവ ഈടാക്കാഞ്ഞതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.8/14.03.2021 ന് താഴെപ്പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

കോവിഡിന്റെ ആധിക്യം മൂലം പ്രവർത്തനം മന്ദഗതിയിലായതിനാലാണ് കരാറിൽ ജി.എസ്.ടി, പിഴപ്പലിശ എന്നിവയെപ്പറ്റി പരാമർശിക്കാതിരുന്നത്. ജനകീയ ഹോട്ടൽ തുടങ്ങിയതിനു ശേഷം 20/- രൂപ പ്രകാരമുള്ള ഊണിന്മേൽ ഗവൺമെന്റ് സബ്സിഡി ലഭിക്കാതിരുന്നതിനാൽ കൃത്യമായി വാടക അടക്കാൻ കരാറുകാർക്ക് സാധിച്ചില്ല വാടക കൃത്യമായി അടക്കുന്നതിന് ബ്ലോക്കിൽ നിന്നും നോട്ടീസ് അയച്ചാണ് തുക ഈടാക്കി വന്നത്. നിലവിൽ പ്രവർത്തിക്കുന്നവരിൽ നിന്ന് 18% ജി.എസ്.ടി യും കൃത്യമായി വാടകയും ഈടാക്കി വരുന്നുണ്ട്. മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ്. കാന്റീൻ കെട്ടിടത്തിന് സ്വന്തമായി കെട്ടിട നമ്പറും കറന്റ് കണക്ഷനും ഇല്ലാത്തതുകൊണ്ട് മറ്റ് ഘടക സ്ഥാപനങ്ങളായ എ.ഡി.എ, എസ്.സി.ഡി.ഓ എന്നീ ഓഫീസുകളിലെ കറന്റ് കണക്ഷനാണ് നിലവിൽ ഉപയോഗിക്കുന്നത്. ആയതിനാൽ ടി കൺസ്യൂമർ നമ്പർ പ്രകാരം വരുന്ന കറന്റ് ചാർജിൽ നിന്നും ഒരു ഫാൻ മാത്രം ഉപയോഗിക്കുന്ന കാന്റീനിന്റെ കറന്റ് ചാർജ് വേർതിരിക്കാൻ ബുദ്ധിമുട്ടായതിനാലാണ് ടി തുക നിലവിൽ ഈടാക്കാതിരുന്നത്. കാന്റീൻ കെട്ടിടത്തിന് നമ്പറിട്ട് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിടത്തിൽ നിന്നുള്ള വാടക മാത്രം ഈടാക്കുന്നതിനാലും നടത്തിപ്പ് ചുമതല നേരിട്ട് വഹിക്കാത്തതിനാലും പ്രത്യേകമായി ബൈലോ തയ്യാറാക്കിയിട്ടില്ല. കമ്മിറ്റിയിൽ ചർച്ച ചെയ്ത് ബൈലോ തയ്യാറാക്കുന്നതിന് ഉടനെ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി.

II] കണ്ടനാട് വനിതാ തൊഴിൽ പരിശീലന കേന്ദ്രം, കടമക്കുടി - കെട്ടിടം വാടകക്ക് നൽകുന്നില്ല

പട്ടികജാതി വനിതകൾക്ക് തൊഴിൽ പരിശീലനം നൽകാൻ ലക്ഷ്യമിട്ട് ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിൽ നിന്നും 2021-22 വർഷത്തിൽ രസീത് നം.12108010002/20.07.2021 പ്രകാരം 5000 രൂപ വരവുണ്ടായിട്ടുണ്ട്. ഇത് മേൽ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന അംബേദ്കർ എസ്.സി പുരുഷ സഹായ സംഘം 2015 മാർച്ച് മുതൽ ഒടുക്കുവാനുണ്ടായിരുന്ന കുടിശ്ശിക തുക ആണ്. ഇവരെ ഒഴിപ്പിച്ചതിനു ശേഷം ടി കെട്ടിടം വാടകക്ക് നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണവും ബൈലോയും ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട മേൽ എൻക്വയറിക്ക് നിലവിൽ വനിതാ പരിശീലന കേന്ദ്രം വാടകക്ക് നൽകിയിട്ടില്ലെന്നും ഇതിനായി ജനറൽ കമ്മിറ്റിയിൽ ചർച്ച നടത്തി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചു. കെട്ടിടത്തിൽ നിന്നുള്ള വാടക മാത്രം ഈടാക്കുന്നതിനാലും നടത്തിപ്പ് ചുമതല നേരിട്ട് വഹിക്കാത്തതിനാലും പ്രത്യേകമായി ബൈലോ തയ്യാറാക്കിയിട്ടില്ലെന്നും കമ്മിറ്റിയിൽ ചർച്ച ചെയ്ത് ബൈലോ തയ്യാറാക്കുന്നതാണെന്നും മറുപടി നൽകി.

ഓഡിറ്റ് നിർദ്ദേശം

1) 2005 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1) പ്രകാരം പഞ്ചായത്ത് വക കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ രൂപീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ അധീതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും ആയതനുസരിച്ച് കെട്ടിടങ്ങൾ ലേലം ചെയ്ത് വ്യക്തമായ കരാർ സഹിതം മാത്രം വാടകക്ക് നൽകി വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

2)വൈകി ലഭിക്കുന്ന വാടകയോടൊപ്പം 1% നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതും കരാറിൽ പ്രത്യേകമായി എഴുതി ചേർക്കാത്ത പക്ഷം പിഴ ഒഴിവാക്കുന്നതിന് കമ്മിറ്റി എടുത്ത തീരുമാനം സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

3) ജി.എസ്.റ്റി, വാടക തീയതി, യഥാസമയം ഒടുക്കാതിരുന്നാലുള്ള പിഴ എന്നിവയെ സംബന്ധിച്ച് വ്യക്തമായി വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

4) കാന്റീൻ കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതും അതുവരെ കറന്റ് ചാർജിന് ആനുപാതികമയി വാടക തുക ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

5)കണ്ടനാട് വനിതാ തൊഴിൽ പരിശീലന കേന്ദ്രം തൊഴിൽ പരിശീലനത്തിനായി ഉപയോഗിക്കുന്നില്ലെങ്കിൽ ആയത് വാടകക്ക് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

1-11 എഫ്.എച്ച്.സി ചേരാനെല്ലൂർ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേരാനെല്ലൂർ നിർവഹണോദ്യോഗസ്ഥനായ താഴെപ്പറയുന്ന 2 പദ്ധതികൾ പ്രകാരം വാങ്ങിയ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

I]

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | 36/22, പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ/ഫണ്ട് | 4,00,000/- (MG-NR) |
| ചെലവ് | 399839/- |
| ബിൽ റെഫറൻസ് നം/ തീയതി-തുക | 1)2110163017201392664 / 27.3.2022 – 3,50,000/-<br>2)2110163017201392646/27.3.2022 – 49839/- ആകെ - 399839/- രൂപ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേരാനെല്ലൂർ |

ചേരാനെല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി KMSCL ൽ നിന്നുള്ള താഴെപ്പറയുന്ന പ്രഫോർമ അനുസരിച്ച് ആകെ 399839/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രഫോർമ ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|
| 1 | PRF4766 /12.01.2022 | 179521/- |
| 2 | PRF3535 / 24.11.2021 | 170479/- |
| 3 | PRF6193/ 25.02.2022 | 49839/- |
| | ആകെ | 399839/- |

ടി പ്രഫോർമ പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറി നം.2/13.03.2023 ന് മറുപടിയായി താഴെപ്പറയുന്ന ഇൻവോയ്സുകൾ ലഭ്യമാക്കി. മേൽ പട്ടികയിലെ 1,3 എന്നീ പ്രഫോർമകൾ പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായി.

ക്രമ നം. 2 പ്രഫോർമ PRF3535 / 24.11.2021പ്രകാരം ആകെ 1,70,479/- രൂപ ഒടുക്കിയതിൽ താഴെപ്പറയും

പ്രകാരം ആകെ 159450 രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം./തിയതി | തുക |
|---|---|---|
| 1 | 1926/12.05.2022 | 69428/- |
| 2 | 1928/12.05.2022 | 44027/- |
| 3 | 4241/13.06.2022 | 3301/- |
| 4 | 16274/07.11.2022 | 3551/- |
| 5 | 22286/06.01.2023 | 27471/- |
| 6 | 23374/17.01.2023 | 11672/- |
| | ആകെ | 159450/- |

ബാക്കി 11029/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 11029/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. മരുന്നുകൾ പൂർണ്ണമായി ലഭ്യമാകുന്ന മുറയ്ക്ക് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

II]

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 88/22, പി.എച്ച്.സി ചേരാനെല്ലൂർ മരുന്ന് വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ/ഫണ്ട് | 185795/-(MG-NR) |
| ചെലവ് | 185795/- |
| ബിൽ റെഫറൻസ് നം/തീയതി-തുക | 1)21110163017200170528/ 09.07.2021 – 185795/- |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേരാനെല്ലൂർ |

സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം KMSCL ൽ നിന്നുള്ള താഴെപ്പറയുന്ന പ്രഫോർമ ഇൻവോയ്സ് അനുസരിച്ച് തുക നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രഫോർമ ഇൻവോയ്സ് നം/തിയതി | തുക |
|---|---|---|
| 1 | PRF 832 /22.06.2021 | 185795/- |

താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 112836/- രൂപക്കുള്ള മരുന്നുകൾ ലഭ്യമായത് സ്റ്റോക്കിൽ എടുത്തിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം/തിയതി | തുക |
|---|---|---|
| 1 | 4235/13.06.2022 | 27596/- |
| 2 | 14104/28.02.2022 | 21361/- |
| 3 | 15029/27.10.2022 | 19651/- |
| 4 | 18631/24.11.2022 | 38957/- |
| 5 | 19501/07.12.2022 | 3183/- |
| 6 | 22417/07.01.2023 | 2088/- |
| 7 | 11321/13.01.2022 | 31625/- |
| | ആകെ | 144461/- |

ബാക്കി 41334/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബില്ല് സഹിതം ഓഡിറ്റിൽ അറിയിക്കുന്നതു വരെ 41334/- രൂപയുടെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

1-12 സി.എച്ച്.സി , മാലിപ്പുറം- ഫയൽ ഹാജരാക്കിയില്ല -

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മാലിപ്പുറം നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതിയുടെ ഫയൽ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി (നം.7/14.03.2023) നൽകിയെങ്കിലും ഫയൽ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 102/22, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മരുന്ന് ഉപകരണങ്ങൾ വാങ്ങൽ - മാലിപ്പുറം സി.എച്ച്.സി |
| അടങ്കൽ/ഫണ്ട് | 2,00,000/- ധനകാര്യകമ്മീഷൻ അവാർഡ് (Untied Basic Grant) |
| ചെലവ് | 200000/- |
| ബിൽ നം/തിയതി-തുക (ACR പ്രകാരം) | 1) 90/23.11.2021 – 179069/- രൂപ<br>2) 250/30.03.2022 – 20931/- രൂപ<br>ആകെ - 2 ലക്ഷം |

മേൽ പദ്ധതിയുടെ ചെലവ് വിവരങ്ങൾ അടങ്ങിയ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 2 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

1-13 സി.എച്ച്.സി , മാലിപ്പുറം - ലാപ്ടോപ് ലഭ്യമായില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 91/22, സി.എച്ച്.സി മാലിപ്പുറം -കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ/ഫണ്ട് | 1,00,000/- സംരക്ഷണ ഗ്രാന്റ് -റോഡിതരം |
| ചെലവ് | 1,00,000/-രൂപ |
| ട്രഷറി ബിൽ നം/തിയതി-തുക | CB 5/2021-22 /23.09.2021 - 1ലക്ഷം |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മാലിപ്പുറം |

മേൽ ബിൽ പ്രകാരം 97448/- രൂപ Kerala State IT Mission ഉം 2552/- രൂപ സി.എച്ച്.സി. യുടെ എച്ച്.എം.സി. ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്തും നൽകിയിട്ടുണ്ട്. ഇതിൽ ആശുപത്രി വികസന ഫണ്ടിൽ നിന്നും 3 മൌസ് (1052 /-രൂപ), നെറ്റ് കണക്ഷൻ(1500/- രൂപ) എന്നിവയ്ക്ക് ചെലവായ 2552/- രൂപയുടെ ബില്ലുകൾ ഫയലിൽ ഉണ്ട്. എന്നാൽ കെൽട്രോണിൽ നിന്ന് ലാപ്ടോപുകൾ ലഭ്യമായതായി കാണുന്നില്ല. 13.08.2021 ലെ പ്രഫോർമ ഇൻവോയ്സിൽ 3 ലാപ്ടോപ്പുകൾക്ക് 28165/- രൂപ വീതം ആകെ 84,495/- രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ 97448/- രൂപയാണ് കെൽട്രോണിന് നൽകി കാണുന്നത്. പ്രഫോർമ ഇൻവോയ്സിൽ പറയുന്നതിലും 12953/- രൂപ അധികം നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. മാത്രമല്ല ആയതിൽ മൌസും ഉൾപ്പെട്ടിട്ടുണ്ട്. വീണ്ടും 1052/- രൂപ നൽകി ഇൻവോയ്സ് നം.00687/02.09.2021 പ്രകാരം മൌസ് വാങ്ങിയതിന്റെ കാരണവും വ്യക്തമല്ല. ലാപ് ടോപ്പുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിൽ ഹാജരാക്കുവാനും അല്ലാത്ത പക്ഷം ആയത് ലഭ്യമാകാത്തതിനുള്ള വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.7/14.03.2023 ന് നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകാത്തതിനാൽ ചെലവ് തുക 1 ലക്ഷം രൂപ തടസ്സത്തിൽ വെക്കുന്നു. ലാപ്ടോപ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 സി.എച്ച്.സി, മാലിപ്പുറം - എച്ച്.എം.സി ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ ബില്ലുകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മാലിപ്പുറം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1)

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 90/22, സി.എച്ച്.സി മാലിപ്പുറം -ദൈനംദിന ചെലവുകൾ (സ്പിൽ ഓവർ) |
| അടങ്കൽ/ഫണ്ട് | 3,00,000/- സംരക്ഷണ ഗ്രാന്റ് -റോഡിതരം |
| ചെലവ് | 3,00,000/-രൂപ |
| ട്രഷറി ബിൽ നം/ തീയതി-തുക | CB 1/2021-22 /06.07.2021 - 3ലക്ഷം |

സ്പിൽ ഓവറായി നടപ്പാക്കിയ ടി പ്രോജക്ട് പ്രകാരം ദൈനംദിന ആവശ്യങ്ങൾക്ക് ചെലവഴിച്ച തുക സി.എച്ച്.സി യുടെ ആശുപത്രി വികസന ഫണ്ടിലേക്കാണ് റീക്രൂപ്പ് ചെയ്ത് നൽകി കാണുന്നത്. എന്നാൽ ഹാജരാക്കിയ ഫയലിൽ എച്ച്.എം.സി. ഫണ്ടിൽ നിന്നും ചെലവഴിച്ച മുഴുവൻ തുകക്കുമുള്ള ബില്ലുകൾ, വൗച്ചറുകൾ എന്നിവ സൂക്ഷിച്ചു കാണുന്നില്ല. ഇവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 35/22,സി.എച്ച്.സി മാലിപ്പുറം -ദൈനംദിന ചെലവുകൾ |
| അടങ്കൽ/ഫണ്ട് | 3,00,000/-സംരക്ഷണ ഗ്രാന്റ് -റോഡിതരം |
| ചെലവ് | 3,00,000/-രൂപ |
| ട്രഷറി ബിൽ നം/തിയതി-തുക | 1)CB 4/2021-22 /17.08.2021 -136018/- രൂപ<br>2)CB 12/2021-22 /21.02.2022 – 163982/- രൂപ |

ദൈനംദിന ചെലവുകൾക്കായി ചെലവഴിച്ച മേൽ തുകകൾ സി.എച്ച്.സി. യുടെ ആശുപത്രി വികസന ഫണ്ടിലേക്കാണ് റീഇംപ്പ് ചെയ്ത് നൽകി കാണുന്നത്. എന്നാൽ ഹാജരാക്കിയ ഫയലിൽ എച്ച്.എം.സി. ഫണ്ടിൽ നിന്നും ചെലവഴിച്ച മുഴുവൻ തുകക്കുമുള്ള ബില്ലുകൾ, വൗച്ചറുകൾ എന്നിവ സൂക്ഷിച്ച് കാണുന്നില്ല.

മേൽ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.7/14.03.3023 ന് മറുപടി ലഭിക്കാത്തതിനാൽ 600000/- രൂപ (300000 + 300000) തടസ്സത്തിൽ വെക്കുന്നു.

1-15 സി.എച്ച്.സി, മാലിപ്പുറം - പദ്ധതികൾ പ്രകാരം തുക ചെലവഴിച്ചെങ്കിലും മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മാലിപ്പുറം നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന 2 പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി തുക ചെലവഴിച്ചെങ്കിലും മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല

1)

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 28/22, സി.എച്ച്.സി മാലിപ്പുറം മരുന്ന് |
| അടങ്കൽ/ഫണ്ട് | 3,00,000/- സംരക്ഷണ ഗ്രാന്റ് -റോഡിതരം |
| ചെലവ് | 3,00,000/-രൂപ |
| ട്രഷറി ബിൽ നം/തിയതി-തുക | CB 13/2021-22 /21.02.2022 - 3ലക്ഷം |

സി.എച്ച്.സി യിലേയ്ക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രഫോർമ ഇൻവോയ്സ് നം.PRF 4833/15.01.2022 അനുസരിച്ച് KMSCL ന് 3 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ടി മരുന്നുകൾ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മരുന്നുകൾ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമല്ല. മാത്രമല്ല ടി മരുന്നുകൾ ഡിപ്പാർട്ട്മെന്റ് വഴി ലഭ്യമല്ല എന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ നൽകുന്ന നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റും ഫയലിൽ ലഭ്യമല്ല.

മരുന്നുകൾ സി.എച്ച്.സി യിൽ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതും ഡി.എം.ഓ യുടെ NAC ഹാജരാക്കേണ്ടതുമാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക 3,00,000 /-രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്( 7/10.03.2023) മറുപടി ലഭിച്ചില്ല.

2)പാലിയേറ്റീവ് കെയർ

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 34/22, പാലിയേറ്റീവ് കെയർ |
| അടങ്കൽ/ഫണ്ട് | 5,00,000/- വികസന ഫണ്ട്-ജനറൽ |
| ചെലവ് | 5,00,000/-രൂപ |

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ആകെ 5 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ട്രഷറി ബിൽ നം.CB 11/2021-22; തീ.21.02.2022 പ്രകാരം ആകെ 234480/- രൂപ ചെലവായതിൽ 2,10,000/- രൂപ KMSCL ന് മരുന്നുകൾ ലഭ്യമാക്കുന്നതിനായാണ് കൈമാറിയിട്ടുള്ളത്. എന്നാൽ പ്രഫോർമ ഇൻവോയ്സ് നം.PRF4955/21.01.2022 പ്രകാരമുള്ള മരുന്നുകൾ സി.എച്ച്.സി.യിൽ ലഭ്യമായതിന്റെ ടാക്സ് ഇൻവോയ്സുകൾ ഫയലിൽ ലഭ്യമല്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ സഹിതം ബില്ലുകൾ ഹാജരാക്കുവാനും അല്ലാത്ത പക്ഷം മരുന്നുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/14.03.2023) മറുപടി ലഭിക്കാത്തതിനാൽ ചെലവ് തുക 2,10,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-16 പിഴല പി.എച്ച്.സി- പബ്ലിക് ടോയ് ലെറ്റ് ഇൻസിനറേറ്റർ, എം.സി.എഫ് എന്നിവ സ്ഥാപിക്കൽ - ഫയൽ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ, പിഴല പി.എച്ച്.സി നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതിയുടെ ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം.12/15.03.2023)ക്ക് മറുപടി ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 124/22 പിഴല പി.എച്ച്.സി.യിൽ ശുചിത്വ പ്രവൃത്തികൾ – പബ്ലിക് ടോയ്‌ലെറ്റ് ഇൻസിനറേറ്റർ, എം.സി.എഫ് എന്നിവ സ്ഥാപിക്കൽ |
| അടങ്കൽ/ഫണ്ട് | 179439/- ധനകാര്യകമ്മീഷൻ അവാർഡ് (Tied) |
| ചെലവ് | 105000/- |
| ബിൽ നം/തീയതി-തുക | 239/26.03.2022 – 1,05,000/- |

മേൽ പദ്ധതിയുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 105000/- രൂപ തടസ്സപ്പെടുത്തുന്നു.

1-17 പി.എച്ച്.സി , പിഴല - മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 56/22, പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ/ഫണ്ട് | 3,00,000/- (MG-NR) |
| ചെലവ് | 3,00,000/- |
| ബിൽ റെഫറൻസ് നം/തിയതി-തുക | 1)21110163017500473237, 30.09.2021 – 155961/-<br>2)21110163017500832769/23.12.2021 – 91252/-<br>ആകെ - 247213/- രൂപ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിഴല |

മേൽ പദ്ധതി പ്രകാരം കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് മരുന്ന് ലഭ്യമാക്കുന്നതിനായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച പ്രകാരം 3 ലക്ഷം രൂപ ആകെ ചെലവഴിച്ചെങ്കിലും 2,47,213/- രൂപയുടെ ട്രഷറി ബില്ലുകളും സിവിൽ സപ്ലൈസിൽ നിന്നുള്ള ബില്ലുകളും മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. ബാക്കി 52,787/- രൂപ നൽകിയതിന്റെ ട്രഷറി ബില്ല്, സിവിൽ സപ്ലൈസിൽ നിന്നുള്ള ബില്ലുകൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.12/15.03.2023 ന് മറുപടി ലഭ്യമാക്കാത്തതിനാൽ 52787/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 പി.എച്ച്.സി, പിഴല-ദൈനംദിന ചെലവുകൾ-ബില്ലുകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 57/22, പി.എച്ച്.സി, പിഴല-ദൈനംദിന ചെലവുകൾ |
| അടങ്കൽ/ഫണ്ട് | 2,50,000/- സംരക്ഷണ ഗ്രാന്റ് -റോഡിതരം |
| ചെലവ് | 2,50,000/-രൂപ |
| ബിൽ റെഫറൻസ് നം/തീയതി-തുക | 1) 21110163017500832744/23.12.2021 – 53851/-രൂപ<br>2)21110163017500594285/01.11.2021 – 15050/-രൂപ<br>3)21110163017500467093/29.09.2021 – 37633/-രൂപ<br>4)21110163017501110752/10.02.2022 – 12142/-രൂപ<br>5)21110163017500244249/27.07.2021 – 99215/-രൂപ<br>ആകെ - 217891/- |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിഴല |

1) ക്രമ നം.1 ബിൽ പ്രകാരം 53851/- രൂപ എച്ച്.എം.സി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. KSEB യിൽ ഇലക്ട്രിസിറ്റി ചാർജ് അടവാക്കുന്നതിന് ചെലവഴിച്ചതാണ് ഈ തുക. കെ.എസ്.ഇ.ബി യിൽ നിന്നുള്ള ബിൽ ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കേണ്ടതാണ്.

2) ക്രമ നം.3 ബിൽ പ്രകാരം 27695/- രൂപ കെ.എസ്.ഇ.ബി.യിൽ ഇലക്ട്രിസിറ്റി ചാർജ് അടവാക്കാൻ ചെലവഴിച്ചു. എന്നാൽ ഇതിന്റെ ഒറിജിനൽ ബില്ലും ഫയലിൽ ലഭ്യമല്ല.
3)ക്രമ നം.5 ബിൽ പ്രകാരം 99215/- രൂപ ചെലവായതിൽ 26089/- രൂപ എച്ച്.എം.സി. ഫണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ വൌച്ചറുകൾ പ്രകാരം ആകെ 21433/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. ബാക്കി 4656/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.12/15.03.2023 ന് മറുപടി ലഭിച്ചിട്ടില്ല. ഒറിജിനൽ ബില്ലുകൾ ഹാജരാക്കുന്നതു വരെ ആകെ ചെലവ് തുകയിൽ 86202/-(53851+27695+4656) രൂപ തടസ്സപ്പെടുത്തുന്നു.

1-19 സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങി

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | 134/22, പിഴല പി.എച്ച്.സി. കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ |
| അടങ്കൽ/ഫണ്ട് | 62,000/- (MG-NR) |
| ചെലവ് | 62,000/- |
| ബിൽ റെഫറൻസ് നം/തിയതി-തുക | 1)21110163017501311328/ 11.03.2022 – 62,000/- |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിഴല |

സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് ക്വട്ടേഷൻ കൂടാതെ കമ്പ്യൂട്ടർ വാങ്ങുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. 20.02.2022 ൽ ക്വട്ടേഷൻ ക്ഷണിച്ച് 3 വ്യത്യസ്ത ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Rtech, പാടിവട്ടം എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നം.0125/28.03.2022 പ്രകാരം ഒരു Acer I3 കമ്പ്യൂട്ടറും ഒരു പ്രിന്ററും വാങ്ങി. സ്റ്റോർ പർച്ചേസ് മാനുവൽ ഖ.7.52, ഖ.19.3 എന്നിവ പ്രകാരം 25,000/- രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും Cprcs മുഖേനയോ GeM മുഖേനയോ വാങ്ങേണ്ടതാണ്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഇവ മുഖേന വാങ്ങാതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.12/15.03.2023 ന് മറുപടി നൽകിയില്ല. മറുപടി ലഭ്യമാകുന്നതുവരെ ചെലവ് തുക 62,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-20 പിഴല പി.എച്ച്.സി.ക്ക് ജനറേറ്റർ വാങ്ങൽ - ബിൽ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | 60/22, പിഴല പി.എച്ച്.സിക്ക് ജനറേറ്റർ വാങ്ങൽ – ബാക്കി തുക |
| അടങ്കൽ/ഫണ്ട് | 263346/- സംരക്ഷണ ഗ്രാന്റ് -റോഡിതരം |
| ചെലവ് | 263346/- |
| ബിൽ നം/തീയതി (ACR പ്രകാരം) | 45/25.09.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിഴല |

വൌച്ചറുകളുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ജനറേറ്ററിന്റെ മെക്കാനിക്കൽ ഇറക്ഷനു വേണ്ടി കേരള ഇലക്ട്രിക്കൽ &അലീഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന് (KEL) 89,532/- രൂപയും (വൌച്ചർ നം.G 01/21-22), (ഇൻവോയ്സ് നം./തീയതി-തുക – 923/29.03.2021 – 99,356/-രൂ), ഇൻസ്റ്റലേഷൻ, ടെസ്റ്റിംഗ് & കമ്മീഷനിംഗ് എന്നിവക്കായി 1,73,814/- രൂപയും (വൌച്ചർ നം.G 02/21-22), (ഇൻവോയ്സ് നം./തീയതി – തുക – 922/29.03.2021-1, 73,814/-രൂ) ചെലവായതായി കാണിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ട്രഷറി ബിൽ, തുക KEL ലേക്ക് പാസ്സാക്കി നൽകിയതിന്റെ UTR സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. മാത്രമല്ല ടി പദ്ധതിക്കായി 773170/- രൂപ 2020-21 വർഷം ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. (ട്രഷറി ബിൽ നം.178/16.03.2021). ഹാജരാക്കിയ മേൽ 2 വൌച്ചറുകളും കഴിഞ്ഞ സാമ്പത്തിക വർഷത്തെയാണെന്ന് കാണുന്നു. മുൻവർഷം ഇതേ ഇനത്തിൽ തുക ചെലവഴിച്ചതാണോ എന്നും ഈ വർഷത്തെ ചെലവ് വിവരങ്ങളും 2020-21 വർഷം ടി പദ്ധതിക്കായി ചെലവഴിച്ചതിന്റെ ഫയലും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.12/15.03.3023 ന് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 263346/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-21 മാർഗ്ഗരേഖയിലുൾപ്പെടാത്ത പദ്ധതി നടപ്പാക്കി - 49995/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S086/22 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | 50000/- രൂപ |
| ആകെ ചെലവ് | 49995/- രൂപ(ഡവലപ്മെന്റ് ജനറൽ) |
| ബിൽ നമ്പർ/തിയതി | 37/18-9-2021 |

മേൽ പദ്ധതി പ്രകാരം ജീസസ് തിയറ്റേഴ്സ് (ക്ലബ്), കോതാട് എന്ന സ്ഥാപനത്തിന് അലമാര, ടേബിൾ, കസേരകൾ എന്നിവ വാങ്ങി നല്കിയിരിക്കുന്നു. ഓഡിറ്റ് വർഷത്തിൽ ബാധകമായ പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി 14-2-2018) പ്രകാരം ക്ലബുകൾക്ക് ഫർണ്ണിച്ചർ വാങ്ങിനല്കുന്നതിന് അനുമതിയുള്ളതായി കാണുന്നില്ല. പദ്ധതി മാർഗ്ഗരേഖ ഖ. 7.6.13 പ്രകാരം പ്രകാരം യൂത്ത് ക്ലബുകൾക്ക് 5000/- രൂപയിൽ അധികരിക്കാതെ സ്പോർട്സ് കിറ്റ് വാങ്ങിനല്കുന്നതിന് ആണ് അനുമതിയുള്ളത്. ഇത് തന്നെ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും മാത്രമാണ് നടപ്പിലാക്കാവുന്നത്. അതിനാൽ ക്ലബിന് ഫർണ്ണിച്ചർ വാങ്ങിനൽകുന്നതിന് മാർഗ്ഗരേഖപ്രകാരം അനുമതിയില്ലാത്ത സാഹചര്യത്തിൽ ഇത്തരമൊരു പദ്ധതി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 4 തീയതി 14-3-2023) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അതിനാൽ ചെലവ് തുകയായ 49995/- രൂപ തടസ്സപ്പെടുത്തുന്നു.

1-22 വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല - 3375760/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർത്തിട്ടുള്ള പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.11/15.03.2023) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അതിനാൽ ചെലവ് തുകയായ 3375760/- രൂപ തടസ്സപ്പെടുത്തുന്നു.

| പദ്ധതി | തുക /ബിൽ നമ്പർ, തിയതി | എജൻസി/സ്ഥാപനം |
|---|---|---|
| കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 17)(പ്രൊജക്റ്റ് നമ്പർ 139/22) (CFC ഫണ്ട്) | 4,35,000/-രൂപ (ബിൽ നമ്പർ 251/30-3-22) | കേരള വാട്ടർ അതോറിറ്റി |
| കടമക്കുടി ക്രിമറ്റോറിയം റിനോവേഷൻ(പ്രൊജക്റ്റ് നമ്പർ 74/22)(CFC ഫണ്ട്) | 22,00,800/- രൂപ (ബിൽ നമ്പർ 245/29-3-22) | കടമക്കുടി ഗ്രാമപഞ്ചായത്ത് |
| പൊക്കാളിപാടശേഖരങ്ങളുടെ ബണ്ട് നിർമ്മാണം(പ്രൊജക്റ്റ് നമ്പർ 17/22) വികസന ഫണ്ട് (ജനറൽ) | 3,00,000 /- രൂപ(ബിൽ നമ്പർ 112/14-1-22) | കടമക്കുടി ഗ്രാമപഞ്ചായത്ത് |
| ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വനിരീക്ഷണക്യാമറ (പ്രൊജക്റ്റ് നമ്പർ 140/22) (CFC ഫണ്ട്) | 4,39,960/- രൂപ(ബിൽ നമ്പർ 244/29-3-22) | ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | 33,75,760/-രൂപ | |

1-23 എസ്.സി. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സോളാർ പ്ലാന്റ് - കെ.എസ്.ഇ.ബി.യിൽ നിന്നും ഇൻസന്റീവ് ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0110/22 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | 84810/- രൂപ |
| ആകെ ചെലവ് | 84810/- രൂപ |
| ബിൽ നമ്പർ/തീയതി | (26710/- രൂപ - ഡവലപ്മെന്റ് ജനറൽ, ബിൽ നമ്പർ 51/28-9-2021, 58100/-രൂപ തനത് ഫണ്ട് ചെക്ക് നമ്പർ 4443204 തീ.20-9-21)37/18-9-2021 |

മേൽ പദ്ധതി പ്രകാരം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള എസ്.സി. വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. കെൽട്രോൺ ആണ് സോളാർ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. 13-12-2021 ൽ കെൽട്രോൺ പഞ്ചായത്തിന് നല്കിയ കത്തിൽ പ്ലാന്റ് 25-8-2021 കമ്മീഷൻ ചെയ്തതായി അറിയിച്ചിട്ടുണ്ട്. സെക്രട്ടറി 25.9.2021 – ൽ നമ്പർ സി -1481/2021 നമ്പർ ആയി തൃക്കാക്കര കെ.എസ്.ഇ.ബി. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ വനിതാ ഹോസ്റ്റൽ കെട്ടിടത്തിന് മുകളിൽ (കൺസ്യൂമർ നമ്പർ 1155575037l8) 10 KW ശേഷിയുള്ള സോളാർ പ്ലാന്റ് സ്ഥാപിച്ചതായും ഹോസ്റ്റൽ കെട്ടിടത്തിന് അനുബന്ധമായി പ്രവർത്തിച്ചുവരുന്ന ഓഫീസ് കെട്ടിടത്തിലെ വൈദ്യുതി കണക്ഷൻ (കൺസ്യൂമർ നമ്പർ 1155579016017) സോളാർ പ്ലാന്റുമായി ബന്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്ലാന്റ് കെ.എസ്.ഇ.ബി.

ഗ്രിഡിലേക്ക് കണക്ട് ചെയ്യപ്പെട്ടിട്ടുള്ളതായി സെക്രട്ടറി ഫയലിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന് കെ എസ് ഇ ബി - യുമായി വച്ചിട്ടുള്ള കരാർ ഫയലിൽ ലഭ്യമല്ല. ഈ പ്ലാന്റ് സ്ഥാപിച്ചതു വഴി ലഭിക്കുന്ന ഇൻസന്റീവ് യൂണിറ്റിന് എത്ര രൂപ നിരക്കിലാണെന്നും ഇത് നിശ്ചയിച്ചത് എപ്രകാരമാണെന്നും വ്യക്തമാക്കിയിട്ടില്ല. 17.6.2022 – ൽ തൃക്കാക്കര കെഎസ്ഇബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സി 11/2020 നമ്പർ ആയി സെക്രട്ടറി നൽകിയിരിക്കുന്ന കത്തിൽ ടി സൌരോർജ്ജ പദ്ധതിയിൽനിന്നും ലഭിക്കുന്ന ഇൻസന്റീവ് ബ്ലോക്ക് പഞ്ചായത്തിന്റെ LGTSB 79901300001004 നമ്പർ അക്കൌണ്ടിലേക്ക് അടവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സോളാർ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചശേഷം വൈദ്യുതിബില്ലിൽ കുറവ് വന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര രൂപയുടെ വ്യത്യാസം ഉണ്ടായിട്ടുണ്ട്, സർപ്ലസ് വൈദ്യുതി ഗ്രിഡിലേക്ക് നല്കാൻ സാധിക്കുന്നുണ്ടോ, ഈയിനത്തിൽ തുക എന്തെങ്കിലും വരവുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമല്ല. മേൽ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറികൾ (നമ്പർ 9/15-3-23 & 13/16-3-23 തീയതി) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-24 ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് സബ്സിഡി - യൂണിറ്റ് പ്രവർത്തനം ആരംഭിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 54/22 |
| നിർവ്വഹണം | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ അടങ്കൽ | 750000/- |
| ആകെ ചെലവ് | 150000/- രൂപ (ബിൽ നമ്പർ 195/16-3-2022) (ഡവലപ്മെന്റ് ഫണ്ട് ജനറൽ) |

മേൽ പദ്ധതിപ്രകാരം ഇൻസൈറ്റ്, സൌത്ത് ചിറ്റൂർ എന്ന സ്വയംസഹായസംഘത്തിന് തൊഴിൽസംരംഭം തുടങ്ങുന്നതിനായി ഓഡിറ്റ് വർഷത്തിൽ സബ്സിഡി നല്കിയിട്ടുണ്ട്. Paving Tile Manufacturing Unit ആരംഭിക്കുന്നതിനാണ് സ്വയം സഹായസംഘം ഉദ്ദേശിച്ചിട്ടുള്ളത്. ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നല്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട സ്വയംസഹായസംഘമാണിത്. പഞ്ചായത്തിലെ 12-ാം വാർഡിലാണ് പ്രസ്തുതസംഘം പ്രവർത്തിക്കുന്നത്. ബാങ്ക് വായ്പ ഉറപ്പുവരുത്തി ബാക്ക്എൻഡഡ് സബ്സിഡിയായി 150000/- രൂപയാണ് ബാങ്കിലേക്ക് കൈമാറിയിട്ടുള്ളത്. ഈ തുക ബാങ്കിൽ ഒരു സസ്പെൻസ് അക്കൌണ്ടിൽ നിലനിർത്തപ്പെടുന്നു. 36 മാസത്തിനുശേഷം പ്രവർത്തനപുരോഗതി വിലയിരുത്തി ഈ തുക വായ്പയിലേക്ക് നല്കുക എന്നതാണ് പദ്ധതിലക്ഷ്യമായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്വയംസഹായസംഘം നിർവ്വഹണോദ്യോഗസ്ഥക്ക് 22-2-2023 ൽ നല്കിയ കത്തിൽ ബാങ്കിൽനിന്ന് 5 ലക്ഷം രൂപ വായ്പ ലഭിച്ചെങ്കിലും സാങ്കേതികകാരണങ്ങളാൽ യൂണിറ്റ് പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല എന്നും വായ്പ തിരിച്ചടവ് ആദ്യ രണ്ട് മാസം നടത്തിയിരുന്നെങ്കിലും പിന്നീട് മുടങ്ങിയതായും സൂചിപ്പിച്ചിരിക്കുന്നു. യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് മെഷിനറിയുടെ ഒരു ക്വട്ടേഷൻ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. മെഷിനറി വാങ്ങിയതിന്റെ ബിൽ, യൂണിറ്റിന്റെ ഫോട്ടോഗ്രാഫ് എന്നിവ ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണെന്നും യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് അറിയിക്കേണ്ടതാണ് എന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 3 തീയതി 13-3-2023) നല്കിയിരുന്നു. യൂണിറ്റ് സ്ഥാപിക്കാനുദ്ദേശിച്ച സ്ഥലം തീരദേശസംരക്ഷണനിയമപ്രകാരം സോൺ 3 ൽ വരുന്നതിനാൽ യൂണിറ്റിനായി ഷെഡ് പണിയുന്നതിന് ചേരാനല്ലൂർ പഞ്ചായത്ത് അനുമതി നിഷേധിച്ചിരിക്കുകയാണെന്ന് മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നു. തുടർന്ന് അനുമതിക്കായി കോസ്റ്റൽ അതോറിറ്റി, തിരുവനന്തപുരം ഓഫീസിൽ അപേക്ഷ നല്കിയിരുന്നെങ്കിലും ആയത് ലഭിച്ചില്ല. 2022-23 വർഷത്തിൽ, യൂണിറ്റിന് വേണ്ടി കണ്ടെത്തിയ സ്ഥലം സോൺ 2 ലേക്ക് മാറുമെന്നതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് വാക്കാൽ അനുമതി ലഭ്യമാകുകയും അതനുസരിച്ച് ടി സ്ഥലത്ത് ഷെഡ് പണിയുകയും മെഷിനറി സ്ഥാപിക്കുകയും ചെയ്തതായും അറിയിച്ചിരിക്കുന്നു. മെഷിനറിയുടെ ബിൽ, യൂണിറ്റിന്റെ ഫോട്ടോഗ്രാഫുകൾ എന്നിവ മറുപടിക്കൊപ്പം ഹാജരാക്കിയിട്ടുണ്ട്. ചേരാനല്ലൂർ പഞ്ചായത്ത് ആണ് ഇൻസൈറ്റ് എന്ന സ്വയംസഹായസംഘത്തിനെ തിരഞ്ഞെടുത്ത് നല്കിയിരുന്നത്. പഞ്ചായത്ത് ആദ്യം അംഗീകരിച്ച് ലഭ്യമാക്കിയിരുന്നത് റോയൽ മെൻ എന്ന ഒരു സ്വയംസഹായസംഘത്തിന്റെ പേരായിരുന്നുവെങ്കിലും ആവശ്യമായ രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുതസംഘത്തെ ഒഴിവാക്കി മറ്റൊരു സംഘത്തെ നിർദ്ദേശിക്കാൻ നിർവ്വഹണോദ്യോഗസ്ഥ പഞ്ചായത്തിനോട് അഭ്യർഥിക്കുകയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് 20-1-2022 ലെ 2(5) നമ്പർ തീരുമാനപ്രകാരം ചേരാനല്ലൂർ പഞ്ചായത്ത് ഇൻസൈറ്റ് എന്ന സ്വയംസഹായസംഘത്തിന്റെ പേര് ലഭ്യമാക്കിയത്. ചേരാനല്ലൂർ പഞ്ചായത്ത് തന്നെ തീരദേശനിയമപ്രകാരം ഇൻസൈറ്റ് സ്വയംസഹായസംഘം യൂണിറ്റ് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം തീരദേശപരിപാലനനിയമപ്രകാരം സോൺ 3 യിലുൾപ്പട്ടതിനാൽ യൂണിറ്റ് നിർമ്മാണാനുമതി നിഷേധിച്ചുവെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിരിക്കുന്നു. അതായത് നിലവിലുള്ള നിയമങ്ങൾ പ്രകാരം പ്രസ്തുതസ്ഥലം യൂണിറ്റ് നിർമ്മാണത്തിന് യുക്തമാണോയെന്ന വസ്തുത ചേരാനല്ലൂർ പഞ്ചായത്തിന്റെയും നിർവ്വഹണോദ്യോഗസ്ഥയുടേയും പദ്ധതി സംബന്ധിച്ച കൂടിയാലോചനകളിൽ

പരിഗണിക്കപ്പെട്ടില്ല എന്ന് കാണുന്നു. മറുപടിയിൽ സൂചിപ്പിക്കപ്പെട്ടതനുസരിച്ച് 2022-23 വർഷത്തിൽ സാങ്കേതികമായ തടസ്സം ഒഴിവായിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്. യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെക്ക് ചെലവ് തുകയായ 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 52,54,968/-രൂപ തടസ്സപ്പെടുത്തുന്നു

2021-22 വർഷം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ മുഖേന വിവിധ ഗ്രാമ പഞ്ചായത്തുകളിലെ മരാമത്ത് പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത് അതാത് ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലാണ്. ആയതിനാൽ ചെലവ് സംബന്ധിച്ച രേഖകൾ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ്നം, പേര് | പദ്ധതി അടങ്കൽ | തൻവർഷം ചെലവഴിച്ച തുക | ഫണ്ടിനം | ബിൽ നം/ തീയതി |
|---|---|---|---|---|---|
| 1 | 16/22- അഞ്ചങ്ങാടി ലിങ്ക് റോഡ് കോൺക്രീറ്റിഗ്- എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വാർഡ് 23. | 3,20,000/- | 2,05,414/- | വികസന ഫണ്ട്-ജനറൽ | 226/25.03.22 |
| 2 | 73/22- മില്ലേനിയം സൗത്ത് റോഡ് കോൺക്രീറ്റിഗ്- ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് വാർഡ് 9. | 4,03,208/- | 4,03,208/- | വികസന ഫണ്ട്-ജനറൽ | 192/16.03.22 |
| 3 | 27/22- ഫാത്തിമ ഫാമിലി യൂണിറ്റ് ലൈൻ ടൈൽ വിരിക്കൽ- മുളവുകാട് ഗ്രാമപഞ്ചായത്ത് വാർഡ് 14 | 5,00,000/- | 5,00,000/- | വികസന ഫണ്ട്-ജനറൽ | 201/19.03.22 |
| 4 | 29/22-IHDP കോളനിക്ക് സമീപമുള്ള കളിസ്ഥലം നവീകരിക്കൽ- കടമക്കുടി ഗ്രാമപഞ്ചായത്ത് വാർഡ് 2 | 5,00,000/- | 5,00,000/- | വികസനഫണ്ട്- എസ്.സി.പി | 194/16.03.22 |
| 5 | 33/22- അംബേദ്കർ കോളനി സൈഡ് പ്രൊട്ടക്ഷൻ- മുളവുകാട് ഗ്രാമപഞ്ചായത്ത് വാർഡ് 5 | 2,50,000/- | 2,50,000/- | വികസന ഫണ്ട്- എസ്.സി.പി | 215/23.03.22 |
| 6 | 83/22-കർത്തേടം റോഡ് കട്ട വിരിക്കൽ- എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് | 5,00,000/- | 4,27,047/- | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 185/09.03.22 |

| | | | | | |
|---|---|---|---|---|---|
| | വാർഡ് 6. | | | | |
| 7 | 94/22- പൊതു തോടുകൾക്ക് ആഴം വർദ്ധിപ്പിക്കൽ- വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 23,20,000/- | 23,19,622/- | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 216/23.03.22-5,40,960/-, 223/24.03.22-3,87,662/-, 228/25.03.22-13,91,000/- |
| 8 | 117/22- പി ജെ പ്രിൻസസിന് തെക്ക് വശം ബൈറോഡ്2 കോൺക്രീറ്റിഗ്- എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വാർഡ് 19. | 5,00,000/- | 4,27,666/- | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 190/16.03.22 |
| 9 | 132/22- പെരുമാൾപടി ഈസ്റ്റ് റോഡ് കാന കവർ സ്ലാബ് വാർഡ് 3 & കിഴക്കേ പൂക്കാട് പാലം റോഡ് കോൺക്രീറ്റിംഗ് വാർഡ് 5 -എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്. | 2,22,011/- | 2,22,011/- | വികസന ഫണ്ട്-ജനറൽ | 202/19.03.22 |
| | ആകെ ചെലവഴിച്ച തുക | | 52,54,968/- | | |

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിച്ച ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം അതാതു ഗ്രാമപഞ്ചായത്തുളിൽ നിന്നും വാങ്ങി ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/14.03.2023) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതുവരെ മേൽപ്രകാരം ചെലവഴിച്ച ആകെ തുകയായ 52,54,968/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 സി.ഡി.പി.ഒ ഇടപ്പള്ളി ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- പണമടവാക്കിയിട്ടും സാധനങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 126/22-സി.ഡി.പി.ഒ ഇടപ്പള്ളി ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ ഇടപ്പള്ളി |
| അടങ്കൽ തുക | 60,000/- (മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്) |
| ചെലവഴിച്ച തുക | 26,522/- (ബിൽ നം 199/17.03.2022-6500/- ബിൽ നം 169/17.02.22-20,022/-) |

സി.ഡി.പി.ഒ ഇടപ്പള്ളി ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം ക്വട്ടേഷൻ മുഖേന തെരെഞ്ഞെടുത്ത R Tech Padivattam, Edappally എന്ന സ്ഥാപനത്തിൽ നിന്നും 6500/-രൂപ ചെലവഴിച്ച് ഒരു UPS വാങ്ങിയിട്ടുണ്ട്. കൂടാതെ ഒരു പ്രിന്ററും, സ്കാനറും KELTRON മുഖേന വാങ്ങുന്നതിന് 20,022/-രൂപ അവരുടെ പ്രൊഫോർമ്മ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ നൽകിയിരുന്നു. എന്നാൽ നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായതായി കാണുന്നില്ല. സാധനങ്ങൾ ലഭിക്കാത്ത വിവരം 03.01.2023 ലെ ICDS/EDPY/45/22 നമ്പർ കത്ത് പ്രകാരം കെൽട്രോണിനെ അറിയിക്കുകയും അടച്ച തുക തിരികെ ആവശ്യപ്പെട്ടതായും കാണുന്നുണ്ട്. നിലവിൽ തുക തിരികെ ലഭ്യമായിട്ടുണ്ടോയെന്നും, പ്രിന്ററും സ്കാനറും വാങ്ങുന്നതിന് നടപടി സ്വീകരിച്ചോയെന്നുമുള്ള വിവരം അറിയിക്കണമെന്നാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.10/15.03.2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി ലക്ഷ്യം കാണാത്തതിനാൽ ചെലവുതുകയായ 20,022/-രൂപ തടസ്സപ്പെടുത്തുന്നു.

1-27 ഓഡിറ്റ് ഇംപാക്റ്റ്

മരാമത്തുപണികളിലെ വിവിധ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറികളെ തുടർന്ന് അധികം നൽകിയ തുക തിരികെ ഈടാക്കി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം, പേര് | ആകെ ചെലവഴിച്ച തുക | ഓഡിറ്റ് എൻക്വയറി നം, തീയതി | ഈടാക്കിയ തുക | രസീത് നം & തീയതി | കരാറുകാരന്റെ പേര് | അപാകതയുടെ കാരണം |
|---|---|---|---|---|---|---|
| 82/22- രാമൻകർത്താ റോഡ് റീടാറിംഗ് – ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് വാർഡ് 17. | 4,78,545 | 6/14.03.23 | 5618 | 1220701 00033/ 15.03.23 | മുഹമ്മദ് ടി.സി | റോഡ് റീടാറിംഗ് പ്രവൃത്തി- കാലിബാരലിന്റെ വില ഈടാക്കിയില്ല |
| 95/22, ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിലെ ടോയ്‌ലെറ്റുകളുടെ നവീകരണം | 3,47,995 | 14/16.03.23 | 6996 | KL0310 15888 202223M/ 21.03.23 | നിഷാദ് പി എ | അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്ത സ്പെസിഫിക്കേഷനുള്ള വസ്തുക്കളാണ് നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്നതെന്ന് കണ്ടതിനാൽ യഥാർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന സാധനങ്ങളുടെ വില കണക്കാക്കി കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി.* |

*എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിർമ്മാണസാമഗ്രികൾ തന്നെയാണ് പ്രവൃത്തിയിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്താതെയാണ് തുക അനുവദിച്ചത്. നിർമ്മാണപ്രവൃത്തികളിൽ ഉപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പാക്കി ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതമംനല്കിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 98000 | 10/22, പി.എ.എ.വൈ ഭവന പദ്ധതി | 98000 | 0 |

RP-31 പ്രകാരം 320700203 ഹെഡിൽ വരവ് വന്ന ഫണ്ടിന്റെ വിനിയോഗവിവരം അറിയിക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,38,30,977 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,21,96,633 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,08,82,443 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 52,363 | ഡോ.ജിന ആനി ജോസ് മെഡിക്കൽ ഓഫീസർ, CHC മാലിപ്പുറം |
| 1-12 | 2,00,000 | ഡോ.സെലിൻ ടെൻസി, മെഡിക്കൽ ഓഫീസർ, CHC മാലിപ്പുറം |
| 1-13 | 1,00,000 | ഡോ.സെലിൻ ടെൻസി, മെഡിക്കൽ ഓഫീസർ, CHC മാലിപ്പുറം |

| | | |
|---|---|---|
| 1-14 | 6,00,000 | ഡോ.സെലിൻ ടെൻസി,<br>മെഡിക്കൽ ഓഫീസർ, CHC മാലിപ്പുറം |
| 1-15 | 5,10,000 | ഡോ.സെലിൻ ടെൻസി,<br>മെഡിക്കൽ ഓഫീസർ, CHC മാലിപ്പുറം |
| 1-16 | 1,05,000 | ഡോ.മനോജ് അഗസ്റ്റിൻ.സി.<br>മെഡിക്കൽ ഓഫീസർ, CHC പിഴല |
| 1-17 | 52,787 | ഡോ.മനോജ് അഗസ്റ്റിൻ.സി.<br>മെഡിക്കൽ ഓഫീസർ, CHC പിഴല |
| 1-18 | 86,202 | ഡോ.മനോജ് അഗസ്റ്റിൻ.സി.<br>മെഡിക്കൽ ഓഫീസർ, CHC പിഴല |
| 1-19 | 62,000 | ഡോ.മനോജ് അഗസ്റ്റിൻ.സി.<br>മെഡിക്കൽ ഓഫീസർ, CHC പിഴല |
| 1-20 | 2,63,346 | ഡോ.മനോജ് അഗസ്റ്റിൻ.സി.<br>മെഡിക്കൽ ഓഫീസർ, CHC പിഴ |
| 1-21 | 49,995 | ശ്രീമതി ശ്രീകല. ഒ.<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-22 | 33,75,760 | ശ്രീ.ഗൗതമൻ ടി. സത്യപാൽ<br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-24 | 1,50,000 | ദീപ കെ. കെ,<br>വ്യവസായ വികസന ഓഫീസർ. |
| 1-25 | 52,54,968 | സുനിത പി.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 20,022 | ബിന്ദുമോൾ പി.എസ്, സി.ഡി.പി.ഒ. ഇടപ്പള്ളി |
| ആകെ | 1,08,82,443 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സെലിൻ ടെൻസി, മെഡിക്കൽ ഓഫീസർ, CHC മാലിപ്പുറം | മെഡിക്കൽ ഓഫീസർ, CHC മാലിപ്പുറം | 14,248, പുത്തൻ പറമ്പിൽ. ആന്റണി വൈദ്യർ റോഡ്, ചുള്ളിക്കൽ, കൊച്ചി-5 |
| ഡോ. മനോജ് അഗസ്റ്റിൻ സി., മെഡിക്കൽ ഓഫീസർ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിഴല | ചെമ്പരത്തി വീട്. തോട്ടുമുഖം.പി.ഒ., കീഴ്മാട്, ആലുവ |
| ശ്രീമതി. ശ്രീകല.ഒ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി | അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, വിമൻസ് ഡവലപ്മെന്റ് തിരുവനന്തപുരം | ചിത്തിര, കുളത്തിൻകര, കാക്കാമൂല, കല്ലിയൂർ.പി.ഒ തിരുവനന്തപുരം-42 |
| ഗൗതമൻ ടി സത്യപാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | തച്ചേരുപറമ്പിൽ ഹൗസ്, ചാതേരി, തൃപ്പൂണിത്തുറ-682301 |
| ദീപ കെ .കെ, വ്യവസായ വികസന ഓഫീസർ | വ്യവസായ വികസന ഓഫീസർ, ഇടപ്പള്ളി | UMRA 156, കിഴക്കേപ്പറമ്പിൽ, മാനാത്തുപാടം, |

| | | |
|---|---|---|
| | | ചങ്ങമ്പുഴനഗർ,<br>കൊച്ചി-33 |
| സുനിത പി.എം,<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ഇടപ്പള്ളി ബ്ലോക്ക്<br>പഞ്ചായത്ത് | മെഴുക്കാട്ടിൽ ഹൗസ്,<br>എടത്തല നോർത്ത്,<br>ആലുവ-683561 |
| ബിന്ദുമോൾ പി.എസ്,<br>സി.ഡി.പി.ഒ.<br>ഇടപ്പള്ളി | വിരമിച്ചു | മണികണ്ഠരാജ് നിവാസ്,<br>പുല്ലൻവേലിപ്പറമ്പിൽ.<br>പച്ചാളം പി.ഒ-682012 |
| ഡോ.ജിന ആനി<br>ജോസ്,<br>മെഡിക്കൽ<br>ഓഫീസർ, FHC<br>ചേരാനെല്ലൂർ | മെഡിക്കൽ ഓഫീസർ,<br>FHC<br>ചേരാനല്ലൂർ | കണിയാമ്പറമ്പിൽ<br>ഹൗസ്<br>തോപ്പിൽ, തൃക്കാക്കര |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|
| 1995-96,<br>1996-97 | കെ എസ് എ-ഇ കെ എം (ബി.പി 3) 117/2016 തീ. 01.04.2016 | - |
| 1997-98 | എൽ.എഫ്.ഇ(സി)1037/02 തീ.3.12.01/30.3.02 | - |
| 1998-99 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ. 30.09.19 | 4 |
| 2000-01 | കെ എസ് എ-ഇ കെ എം (ബി.പി 3) 117/2016 തീ. 01.04.2016 | 3 |
| 2005-06 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ. 30.09.19 | 2 |
| 2006-07 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ 30.09.19 | 3 |
| 2009-10 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ 30.09.19 | 2 |
| 2010-11,<br>2011-12 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ 30.09.19 | 1 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (ബിപി.)300/2019, തീ.11.07.2019 | 8 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (ബിപി.)274/2020, തീ.07.03.2020 | 10 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(ബിപി)907/2020 തീ.17/09/2020 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(ബിപി)1738/2022 തീ.17/10/2022 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്